പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1681

31.01.18 - ൽ മറുപടിക്ക്.

## കേരള ചിക്കൻ പദ്ധതി

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | ഉത്തരം<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
|---|---|
| (എ) സംസ്ഥാന മൃഗസംരക്ഷണ വകുപ്പും കെപ്കോയുമായി സഹകരിച്ച് കുടുംബശ്രീ 'കേരള ചിക്കൻ പദ്ധതി 'എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്.വർദ്ധിച്ചു വരുന്ന ഇറച്ചിക്കോഴി വില നിയന്ത്രിക്കുകയും സുരക്ഷിതമായ കോഴിയിറച്ചി ലഭ്യമാക്കുന്നതിനോടൊപ്പം കുടുംബശ്രീ അംഗങ്ങൾക്ക് അധിക വരുമാനം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) എത്ര യൂണിറ്റുകളാണ് ഇപ്രകാരം ആരംഭിച്ചിട്ടുള്ളതെന്നും പ്രസ്തുത യൂണിറ്റുകളിൽ വളർത്തുന്ന കോഴികൾക്ക് ഹോർമോൺ കലർന്ന ഭക്ഷണം നൽകില്ലെന്ന് ഉറപ്പാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | (ബി) 271 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീയും മൃഗസംരക്ഷണ വകുപ്പും കെപ്കോയുമായി ചേർന്ന് 2017 ഡിസംബറിലാണ് കേരള ചിക്കൻ പദ്ധതി ആരംഭിച്ചത്. നിലവിൽ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് കോഴിത്തീറ്റ ലഭ്യമല്ലാത്തതിനാൽ ഗുണഭോക്താക്കൾ നേരിട്ട് സ്വകാര്യ ഏജൻസികളിൽ നിന്നാണ് തീറ്റ വാങ്ങുന്നത്. കോഴികൾക്കു നൽകുന്ന തീറ്റ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള പരിശോധനാകേന്ദ്രങ്ങളിൽ (ലബോറട്ടറി) റാൻഡമായി സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) കുടുംബശ്രീയിൽ നിന്നും കെപ്കോ കോഴികളെ തിരികെ വാങ്ങുമ്പോൾ എന്ത് വിലയ്ക്ക് വാങ്ങുമെന്നാണ് കരാർ ആയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കുടുംബശ്രീ യൂണിറ്റുകൾക്കാണ് കെപ്കോ മുഖേന ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ നൽകുന്നതും തിരികെ എടുക്കുന്നതും. നിലവിൽ ഒരു കിലോഗ്രാമിന് 85/- രൂപാ നിരക്കിലാണ് കെപ്കോ ഇറച്ചിക്കോഴികളെ തിരികെ എടുക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ